LIBRARY ARCHIVES Kerala Legislative Assembly

ഖാദി മേഖലയിലെ തൊഴിലാളികൾ

113(2151) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഖാദി വ്യവസായത്തിൽ നെയ്ത്ത്, നൂൽപ് അനുബന്ധ പ്രവർത്തനങ്ങളിൽ ഉണ്ടായിരുന്ന തൊഴിലാളികളുടെ എണ്ണവും നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും ഖാദി ബോർഡ്, മറ്റ് ഇതര സ്ഥാപനങ്ങൾ എന്നിവ അടിസ്ഥാനമാക്കി വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഖാദി വ്യവസായത്തിൽ താഴെപ്പറയുന്ന നെയ്ത്ത്, നൂല്പ് തൊഴിലാളികൾ നിലവിലുണ്ടായിരുന്നു:

മേഖല	നൂല്പ്	നെയ്ത്ത്
ഡിപ്പാർട്ടുമെന്റ്	3352	1755
ഖാദി സ്ഥാപനങ്ങൾ	3594	2291

നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം താഴെ കൊടുക്കുന്നു:

മേഖല	നൂല്പ്	നെയ്ത്ത്
ഡിപ്പാർട്ടുമെന്റ്	3039	1656
ഖാദി സ്ഥാപനങ്ങൾ	3672	2438

പട്ടണക്കാട് സിൽക്ക് റീലിംഗ് യൂണിറ്റിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

114(2152) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല പട്ടണക്കാട് പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സിൽക്ക് റീലിംഗ് യൂണിറ്റിലെ തൊഴിൽ നഷ്ടപ്പെട്ടത് മൂലം പട്ടിണിയിലായ ഇരുപത്തിയഞ്ചോളം സ്ത്രീ തൊഴിലാളികളും അവരുടെ കുടുംബങ്ങളും സ്ഥാപനത്തിന് മുന്നിൽ സമരം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ സ്ത്രീകളെ മറ്റേതെങ്കിലും തൊഴിൽ മേഖലയിൽ സ്ഥിരപ്പെടുത്തുന്നതിനോ പ്രസ്തുത സ്ഥാപനം വ്യവസായ വകുപ്പുമായി ചേർന്ന് പുനരുജ്ജീവിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കുമോ;

(സി) നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന സിൽക്ക് റീലിംഗ് യൂണിറ്റ് പൂട്ടാനുള്ള തീരുമാനം ആരുടേതാണെന്നും പ്രസ്തുത സ്ഥാപനം ഇവിടെ നിന്നും മാറ്റിയതിലെ ഉദ്ദേശ്യം എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സെറിഫെഡ് എന്ന സ്ഥാപനത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന കാസർഗോഡ് ജില്ലയിലെ ഉദുമയിലും ആലപ്പുഴ ജില്ലയിലെ പട്ടണക്കാടും പ്രവർത്തിച്ചുവരുന്ന സിൽക്ക് റീലിംഗ് കേന്ദ്രങ്ങൾ സെറിഫെഡ് ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിച്ച സാഹചര്യത്തിൽ 15-3-2010-ൽ ഖാദി ബോർഡിന് കൈമാറിയിരുന്നു. എന്നാൽ സെറിഫെഡ് പുനരുദ്ധരിച്ച സാഹചര്യത്തിൽ ആയത് സെറിഫെഡിലേയ്ക്ക് തന്നെ മാറ്റുന്നതിന് ഉത്തരവായിരുന്നു. ഈ വിഷയത്തിൽ തൊഴിലാളികൾ ജോലി സ്ഥിരത ആവശ്യപ്പെട്ട് നടത്തിയ സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ തൊഴിലാളികൾക്ക് ഉണ്ടായിരുന്ന ആശങ്ക ഖാദി ബോർഡ് സെക്രട്ടറി നേരിട്ട് അവരുമായി ചർച്ച ചെയ്ത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ചിരുന്നു.

(ബി&സി) പ്രസ്തുത സ്ഥാപനം സെറിഫെഡിന്റെ യൂണിറ്റായി പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ്

115(2153) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിൻ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീർക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

GPM. 2/243/2020-28

LIBRARY ARCHIVES Kerala Legislative Assembly